(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) (ഡി) ഈ സാമ്പത്തിക വർഷം 2,00,000 വൈദ്യുതി കണക്ഷനുകളും നൽകാൻ വിഭാവനം ചെയ്തിട്ടുണ്ട്.

കാർഷിക പരിശീലന കേന്ദ്രങ്ങൾ

*61 [61] ശ്രീ. പി. വി. മുഹമ്മദ്:
,, പി. സീതിഹാജി:
,, പി. കെ. കെ. ബാവ:
,, പി. എം. അബൂബേക്കർ:
,, സി. ടി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കാർഷിക പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവ ഏതെല്ലാം ജില്ലകളിലാണ്;

(സി) ഇവയിൽ ഏതെങ്കിലും കേന്ദ്രത്തിന്റെ പ്രവർത്തനം നിറുത്തി വെയ്ക്കാനാലോചനയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം?

കൃഷി വകുപ്പ് മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) മൂന്ന്

(ബി) കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ.

(സി), (ഡി) ഉണ്ട്. വിശദാംശങ്ങൾ പരിശോധിച്ച് വരികയാണ്.

റേഷൻ മൊത്ത വിതരണ രംഗത്തെ ഏജൻസികൾ

*62 [62] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:
,, ഇ. പത്മനാഭൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റേഷൻ മൊത്ത വിതരണ രംഗത്ത് എത്ര സഹകരണ സംഘങ്ങളും എത്ര സ്വകാര്യ വ്യക്തികളും പ്രവർത്തിക്കുന്നുണ്ട്;

(ബി) 1985-86 വർഷത്തിൽ എത്ര സ്വകാര്യ വ്യക്തികൾക്ക് റേഷൻ മൊത്ത വിതരണ ലൈസൻസ് നൽകിയിട്ടുണ്ട്;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ വ്യക്തികൾ റേഷൻ മൊത്ത വിതരണ രംഗത്ത് അവർ ഏറെടുത്ത ഉത്തരവാദിത്വം നിർവഹിക്കുമെന്നതിന് എന്ത് മുൻ കരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) സഹകരണ സംഘങ്ങൾ—45.

സ്വകാര്യ വ്യക്തികൾ—243.

(ബി) മൂന്ന്.

(സി) റേഷൻ മൊത്തവിതരണം ഏറെടുത്ത് നടത്തുന്ന സ്വകാര്യ വ്യക്തികൾ കെ. ആർ. ഒ. അനുസരിച്ചുള്ള കരാർ പ്രകാരം അവർ ഏറെടുത്ത ഉത്തരവാദിത്വം ശരിക്കും നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ താലൂക്ക്, ജില്ലാ മേഖല തലങ്ങളിൽ പരിശോധനാ ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നുണ്ട്. ഈ സ്വകാര്യ വ്യക്തികൾ കേരളാ റേഷനിംഗ് ഓർഡർ പ്രകാരമാണോ റേഷൻ മൊത്തക്കട നടത്തുന്നതെന്ന് പ്രസ്തുത ഉദ്യോഗസ്ഥന്മാർ പരിശോധിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

പാചക ഗ്യാസ് വിതരണത്തിലെ ക്രമക്കേടുകൾ

*63 [63] ശ്രീ. കെ. കെ. നായർ:

,, ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചകഗ്യാസ് വിതരണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ക്രമക്കേടുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൂക്കത്തിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നില്ലെന്നുറപ്പ് വരുത്തുവാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഉപഭോക്താക്കൾക്ക് പാചകഗ്യാസ് വിതരണം ചെയ്യുന്ന അവസരത്തിൽ അതിന്റെ തൂക്കം ബോദ്ധ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുമോ;

(ഡി) ഗ്യാസ് സിലിണ്ടറുകൾക്ക് ലീക്കേജ് ഇല്ലെന്നുറപ്പ് വരുത്തുന്നതിന് ഉപഭോക്താക്കൾക്ക് നൽകുന്ന അവസരത്തിൽകൂടി അവ ടെസ്റ്റ് ചെയ്ത് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ നടപടികൾ നിർബന്ധമായും പ്രായോഗികമാക്കുന്നതിന് എല്ലാ ഗ്യാസ് വിതരണ ഏജൻസികൾക്കും കർശനമായ നിർദ്ദേശം നൽകുമോ;

(എഫ്) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏജൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly